(ഡി) സമീപിച്ചിട്ടുണ്ട്. പണിപൂർത്തിയായി വരുന്ന കാക്കനാട് വർക്കിംഗ് വിമൻസ് ഹോസ്റ്റലിന് രണ്ടു ഗഡു ഗ്രാന്റ് ലഭിച്ചു കഴിഞ്ഞു. മൂന്നാം ഗഡുവായി 20.28 ലക്ഷം രൂപ ഉടനെ ആവശ്യപ്പെടുന്നതാണ്.

(ഇ) മുട്ടം, ഗാന്ധിനഗർ, കാക്കനാട് എന്നീ വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾക്ക് നാളിതുവരെയായി 1,76,65,267 രൂപ (ഒരു കോടി എഴുപത്തി ആറ് ലക്ഷത്തി അറുപത്തി അയ്യായിരത്തി ഇരുനൂറ്റി അറുപത്തി ഏഴ് രൂപ) കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്.

സീബ്രാലൈൻ രേഖപ്പെടുത്തുവാൻ നടപടി

232 [376] ശ്രീ. ടി. കെ. ദേവകുമാർ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാത്രാക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി റോഡുകളുടെ ഉപരിതലത്തിൽ അന്താരാഷ്ട്രതലത്തിൽ അംഗീകരിച്ച സീബ്രാലൈൻ കൃത്യമായും രേഖപ്പെടുത്താതിരിക്കുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) അന്തർദേശീയ നിയമങ്ങൾ അനുശാസിക്കും വിധത്തിൽ സീബ്രാലൈൻ രേഖപ്പെടുത്തേണ്ട ചുമതല കൃത്യമായി നിർവ്വഹിക്കുന്നതിനുള്ള സംവിധാനം സംസ്ഥാനത്തുണ്ടോ എന്നറിയിക്കാമോ;

(സി) പ്രസ്തുത നിയമം ലംഘിക്കുന്നവരിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പിഴ ഈടാക്കുന്നതിന് പകരം കൈക്കൂലി വാങ്ങുന്നതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ദേശീയപാതയിലും സംസ്ഥാന പാതയിലും ആവശ്യമുള്ള എല്ലായിടത്തും സീബ്രാലൈനുകൾ രേഖപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) പാതകളിൽ ഇന്ത്യൻ റോഡ് കോൺഗ്രസ് അംഗീകരിച്ച നിലവാരത്തിൽ സീബ്രാലൈൻ രേഖപ്പെടുത്താറുണ്ട്.

(ബി) പാതയുടെ ഉപരിതലം പുതുക്കി കഴിയുന്ന മുറയ്ക്ക് സീബ്രാലൈൻ രേഖപ്പെടുത്തുന്നുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് എല്ലായിടത്തും സീബ്രാലൈനുകൾ രേഖപ്പെടുത്തുന്നു.

ഹൈസ്ക്കൂൾ അദ്ധ്യാപക നിയമനത്തിന് അടിസ്ഥാന യോഗ്യതയിൽ മാറ്റം വരുത്താൻ നടപടി

233 [377] ശ്രീ. തോമസ് ചാഴികാടൻ:

,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈസ്ക്കൂൾ അദ്ധ്യാപക നിയമനത്തിന് നിലവിലുള്ള അടിസ്ഥാന യോഗ്യതകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഈ അടിസ്ഥാന യോഗ്യതയിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) ഇത് സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും ശുപാർശകൾ ലഭിച്ചിട്ടുണ്ടോ;

(ഡി) സ്കൂളുകളിൽ ഐ.ടി. പാഠ്യവിഷയമായതിനാൽ കമ്പ്യൂട്ടർ പരിജ്ഞാനം കൂടി ഉൾപ്പെടുത്തി അദ്ധ്യാപക നിയമനത്തിന് യോഗ്യത നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അതാത് വിഷയത്തിലുള്ള ഡിഗ്രിയും ബി.എഡും ആണ് ഹൈസ്ക്കൂൾ അദ്ധ്യാപക നിയമനത്തിന് നിലവിലുള്ള യോഗ്യതകൾ.

(ബി—ഡി) ഹൈസ്ക്കൂൾ അദ്ധ്യാപക നിയമനത്തിന് നിലവിലുള്ള അടിസ്ഥാനയോഗ്യതയ്ക്ക് പുറമെ കമ്പ്യൂട്ടർ പരിജ്ഞാനം കൂടി ഉൾപ്പെടുത്തി കേരളാ വിദ്യാഭ്യാസ ചട്ടത്തിൽ മതിയായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പാഠ്യപദ്ധതിയിൽ മാറ്റം വരുത്തുന്നതിന് നടപടി

234 [378] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ പാഠ്യവിഷയങ്ങളെയും ഭാഷാപഠനത്തെയും കുറിച്ച് ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly